# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1547.

12-06-2019 ൽ മറുപടിയ്ക്ക്

## പാട്ടകൃഷിയുടെ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ. രാജൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പാട്ടകൃഷിയുടെ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പാട്ട വ്യവസ്ഥ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ കൃഷി വികസന പദ്ധതികളിൽ നിന്നും ആനുകൂല്യം നൽകുന്നുണ്ട്. സ്ഥിരമായി സ്ഥാപിക്കേണ്ട പമ്പ്ഹൌസ് ഉൾപ്പെടെയുള്ള മോട്ടോർ, കാർഷികാവശ്യത്തിനുള്ള സൌജന്യ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങൾ ഒഴികെ മറ്റ് പദ്ധതികളിൽ ആനുകൂല്യം നൽകിവരുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് പാട്ടകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നില്ല. |
| (ബി) | പാട്ടകൃഷി ചെയ്യുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പാട്ടകൃഷി ചെയ്യുന്ന കർഷകർക്ക് വിവിധ വിളകൾ കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം, സബ്സിഡി നിരക്കിൽ ഉൽപാദനോപാധികൾ, പോർട്ടബിൾ പമ്പ്സെറ്റ്, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പരിരക്ഷ എന്നിവ പദ്ധതി നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്.<br>കൂടാതെ തരിശ്ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന് ഒന്നാം വർഷം ഹെക്ടറിന് 25,000/- രൂപ, രണ്ടാം വർഷം ഹെക്ടറിന് 5,800/- രൂപ, മൂന്നാം വർഷം ഹെക്ടറിന് 3,750/- രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ തരിശ് ഭൂമിയുടെ ഉടമയ്ക്ക് ഒന്നാംവർഷം ഹെക്ടറിന് |

| | |
|---|---|
| | 5,000/- രൂപ, രണ്ടാം വർഷം ഹെക്ടറിന് 1,200/- രൂപ, മൂന്നാം വർഷം ഹെക്ടറിന് 750/- രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നുണ്ട്. തരിശ് നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകന് ഹെക്ടറിന് 25,000/- രൂപ നിരക്കിലും തരിശ് ഭൂമിയുടെ ഉടമയ്ക്ക് ഹെക്ടറിന് 5,000/- രൂപ നിരക്കിലും ഈ പദ്ധതിയിൻകീഴിൽ ആനുകൂല്യം അനുവദിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**